പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6447 — 21.11.2019 ൽ മറുപടിക്ക്

## നേമം റെയിൽവേ കോച്ചിംഗ് ടെർമിനലിന്റെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | നേമം റെയിൽവേ കോച്ചിംഗ് ടെർമിനലിന്റെ വികസന പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും | നേമം റെയിൽവേ ഇരട്ടിപ്പിക്കലിനും പുതിയ കോച്ചിംഗ് ടെർമിനൽ സ്ഥാപിക്കുന്നതിനുമായി തൈയ്ക്കാട്, തിരുമല, നേമം, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ സ്ഥലം 2013 ലെ എൽ.എ.ആർ.ആർ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 2013 ലെ എൽ.എ.ആർ.ആർ നിയമപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹ്യാഘാതപഠനം നടന്നുവരുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി നടന്നുവരുന്നു. |
| (ബി) | പ്രസ്തുത ടെർമിനലിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ; ഇതുമായി ബന്ധപ്പെട്ട് റെയിൽവേ അധികൃതരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ; | | |
| (സി) | തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന്റെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ ? | (സി) | തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി നേമം മുതൽ പാറശ്ശാല വരെയുള്ള ഭാഗത്തെ 19.499 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഭരണാനുമതി 26.09.2019 ലെ സ.ഉ (സാധാ) നം. 449/2019/ഗതാ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.<br>19.499 ഹെക്ടർ ഭൂമിയിൽ ഉൾപ്പെട്ട നേമം മുതൽ നെയ്യാറ്റിൻകര വരെയുള്ള ഭാഗത്തെ 7.6060 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 23.10.2019 ലെ സ.ഉ(സാധാ) നം. 2951/2019/റവ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ